LIBRARY, ARCHIVES Kerala Legislative Assembly

എച്ച്.എസ്.എസ്.ടി.മലയാളം സീനിയർ തസ്തികയിൽ ഒഴിവുകൾ

110 (7077) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012 ഏപ്രിൽ 30-ന് ശേഷം എച്ച്.എസ്.എസ്.ടി. മലയാളം സീനിയർ തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(ബി) 2014-ൽ എച്ച്.എസ്.എസ്.ടി. മലയാളം ജൂനിയർ തസ്തികയിൽ നിന്ന് എത്ര അധ്യാപകരെ സീനിയർ തസ്തികയിലേക്ക് പ്രൊമോട്ടു ചെയ്തിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(സി) എച്ച്.എസ്.എസ്.ടി. മലയാളം ജൂനിയർ/സീനിയർ വിഭാഗങ്ങളിലായി എത്ര ഗസ്റ്റ് വക്കചറർമാർ നിലവിലുണ്ട് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 241 ഒഴിവുകളുണ്ടായിട്ടുണ്ട്. അതിൽ 84 ഒഴിവുകളിൽ എച്ച്.എസ്.എസ്.ടി. ജൂനിയർ അദ്ധ്യാപകർക്ക് പ്രൊമോഷൻ നൽകുകയും 107 ഒഴിവുകളിൽ പി.എസ്.സി.വഴി നിയമനം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) 84.

(സി) വിവരം ശേഖരിച്ചു വരുന്നു.

വി.എച്ച്.എസ്.ഇ ഡയറക്ടറേറ്റിലെയും മേഖല ഓഫീസുകളിലേയും ജോലി സംബന്ധിച്ച് പി.ആന്റ്.എ.ആർ.ഡി. വർക്ക് സ്റ്റഡി

111 (7078) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വി.എച്ച്.എസ്.ഇ. ഡയറക്ടറേറ്റിലെയും മേഖല ഓഫീസുകളിലെയും ജോലി സംബന്ധിച്ച് പി. ആന്റ്. എ.ആർ.ഡി. വർക്ക് സ്റ്റഡി നടത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത വർക്ക് സ്റ്റഡിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ ;

(സി) വർക്ക് സ്റ്റഡിയുടെ ഭാഗമായി എത്ര അധിക തസ്തികകൾ സൃഷ്ടിക്കാൻ ശുപാർശ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) ശുപാർശയുടെ അടിസ്ഥാനത്തിൽ അധിക തസ്തികകൾ അനുവദിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.